Mathrubhoomi
13/12/2023

# ഊർജസംരക്ഷണ റാലി




▶ വട്ടിയൂർക്കാവ് ഗവ. വി.എച്ച്.എസ്.എസ്.എൻ.എസ്.എസ്. യൂണിറ്റ് നടത്തിയ ഊർജസംരക്ഷണ റാലി

**തിരുവനന്തപുരം▸** ഊർജദിനാചരണത്തിന്റെ ഭാഗമായി വട്ടിയൂർക്കാവ് ഗവ. വി.എച്ച്.എസ്. എസ്.എൻ.എസ്.എസ്. യൂണിറ്റ് ഊർജസംരക്ഷണ റാലി നടത്തി. വൊളന്റിയർമാർ ഊർജ സംരക്ഷണ വലയം തീർത്ത് പ്രതിജ്ഞ എടുത്തു.

കെ.എസ്.ഇ.ബി. റിട്ട. അസി. എക്സിക്യൂട്ടീവ് എൻജിനിയർ പി.കെ.പ്രകാശ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പ്രിൻസിപ്പൽ എം. ബീനാകുമാരി, പി.ടി.എ. പ്രസിഡന്റ് അബ്ദുസമദ്, എസ്.എം.സി. ചെയർപേഴ്സൺ മായ, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ സൽസി ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.

Mathrubhoomi
13/12/2023

# കേരളത്തിൽ ആണവനിലയം: ബാർക്കുമായി ഇന്ന് ചർച്ച

**ഊർജവകുപ്പ് മേധാവിയുടെ നേതൃത്വത്തിൽ നാലംഗ പ്രതിനിധിസംഘത്തെ അയച്ച് സർക്കാർ**

**എസ്.എൻ. ജയപ്രകാശ്**
തിരുവനന്തപുരം

▶ ആണവനിലയത്തോടുള്ള നീണ്ടകാലത്തെ എതിർപ്പ് മാറ്റിവെച്ച്, കേരളത്തിൽ ആണവനിലയം സ്ഥാപിക്കാനുള്ള ശ്രമവുമായി സർക്കാർ മുന്നോട്ട്. ഇതിനായി മുംബൈയിലെ ഭാഭാ അറ്റോമിക് റിസർച്ച് സെന്ററിൽ (ബാർക്ക്) ബുധനാഴ്ച നടക്കുന്ന ചർച്ചയിൽ സംസ്ഥാന ഊർജവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാലും സംഘവും പങ്കെടുക്കും.

കേരളത്തിലെ തോറിയം നിക്ഷേപം പ്രയോജനപ്പെടുത്തി ആണവ വൈദ്യുതിനിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാനാണ് ചർച്ച. ആണവോർജ കമ്മിഷന്റെ ക്ഷണപ്രകാരമാണ് സംസ്ഥാന സർക്കാർ പ്രതിനിധിസംഘത്തെ അയയ്ക്കുന്നത്. ജ്യോതിലാലിന് പുറമേ, കെ.എസ്.ഇ.ബി. ചെയർമാൻ രാജൻ ഖൊബ്രഗഡെ, അനർട്ട് സി.ഇ.ഒ. നരേന്ദ്രനാഥ് വെല്ലൂരി, എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാർ എന്നിവരാണ് സംഘത്തിലുള്ളത്. പദ്ധതിരേഖ തയ്യാറാക്കുന്നതിന് മുന്നോടിയായാണ് ഈ കൂടിക്കാഴ്ച.

സംസ്ഥാനത്തെ വൈദ്യുതോത്പാദനം കൂട്ടാൻ തോറിയം പ്രയോജനപ്പെടുത്തി ആണവനിലയം സ്ഥാപിക്കുന്നത് പരിശോധിക്കണമെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി കേന്ദ്ര ഊർജമന്ത്രി ആർ.കെ. സിങ്ങുമായി നടത്തിയ ചർച്ചയിൽ ആവശ്യപ്പെട്ടിരുന്നു. അതിന്റെ തുടർച്ചയായാണ് കേരളത്തിലെ സംഘത്തെ ചർച്ചയ്ക്ക് ക്ഷണിച്ചത്. കേരളത്തിൽ ആണവനിലയം സ്ഥാപിക്കാൻ ആവശ്യപ്പെട്ടിട്ടില്ലെന്നും രാജ്യത്ത് എവിടെയെങ്കിലും നിലയം സ്ഥാപിച്ചാൽ കേരളം ഇന്ധനം നൽകുമെന്നുമാണ് ഉദ്ദേശിച്ചതെന്ന് മന്ത്രി പിന്നീട് വിശദീകരിച്ചു.

എന്നാൽ, ഹൈഡ്രജൻ ഇന്ധനോത്പാദനവും ഉപയോഗവും ലക്ഷ്യമിട്ട് കേരളത്തിൽ നടപ്പാക്കുന്ന 'ഹൈഡ്രജൻ വാല്യൂ ചെയിൻ' പദ്ധതിയിൽ തോറിയം ഉപയോഗിച്ചുള്ള വൈദ്യുതോത്പാദനംകൂടി ഉൾപ്പെടുത്തുന്നതിനെക്കുറിച്ചാണ് ചർച്ചയെന്ന് സർക്കാരിന്റെ ഉത്തരവ് വ്യക്തമാക്കുന്നു. കായംകുളത്തെ എൻ.ടി.പി.സി.യുടെ സ്ഥലമാണ് കേരളം ഇതിനായി കണ്ടുവെച്ചിരിക്കുന്നത്. നഗരമാലിന്യത്തിൽനിന്ന് വൈദ്യുതിയുണ്ടാക്കാൻ പ്ലാസ്മ അടിസ്ഥാനമാക്കിയുള്ള സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനെപ്പറ്റിയും ബുധനാഴ്ച പ്രതിനിധിസംഘം ചർച്ചനടത്തും.